# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 08-08-2026**

## പ്രധാനവാർത്തകൾ

1) പ്രതിസന്ധികളെ അവസരമായി കാണണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡൽഹി ഐഐടി യുടെ 57-ാ മത് ബിരുദദാന ചടങ്ങിൽ പ്രധാനമന്ത്രി പങ്കെടുത്തു.

2) സപ്ലൈകോ ഓണം മെഗാ ട്രേഡ് ഫെയറിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് എറണാകുളത്ത് നിർവഹിക്കും.

3) ഹാർബറുകളിൽ കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകുന്നത് കാര്യക്ഷമമാക്കുമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി വി ഇ അബ്ദുൽ ഗഫൂർ.

4) വാഹന അപകടങ്ങൾ കുറയ്ക്കാൻ സംസ്ഥാനത്ത് ഗതാഗത സുരക്ഷാ സാക്ഷരത ക്യാമ്പയിൻ നടത്തുമെന്ന് മന്ത്രി സി.പി. ജോൺ.

5) സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് ഏഴ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യ ബന്ധനത്തിന് വിലക്ക്. മുല്ലപ്പെരിയാർ അണക്കെട്ടിൻറെ ഷട്ടർ കാർഷികാവശ്യങ്ങൾക്കായി ഇന്ന് തുറക്കും.

6) ലോക അത്ലറ്റിക്സ് അണ്ടർ-20 ചാമ്പ്യൻഷിപ്പിൽ, പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ ഇന്ത്യയുടെ ആശിഷ് യാദവിന് വെള്ളി.

RNU TVPM

## പ്രധാനമന്ത്രി (ഇൻട്രോ)

വെല്ലുവിളികളിൽ നിന്ന് പാഠം ഉൾക്കൊള്ളുന്നവരാണ് ജീവിതത്തിൽ വിജയിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡൽഹി ഐഐടി യുടെ 57-ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. പ്രതിസന്ധികളെ അവസരമായി കാണണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.....)

ഐഐടിയുടെ സോണിപത് കാമ്പസിൽ സ്ഥാപിച്ചിരിക്കുന്ന നിർമിത ബുദ്ധി അധിഷ്ഠിത കമ്പ്യൂട്ടിംഗ് സൗകര്യമായ പരം പ്രഗ്യ അദ്ദേഹം ചടങ്ങിൽ പ്രകാശനം ചെയ്തു. രാഷ്ട്രപതിയുടെ സ്വർണ്ണ മെഡൽ ഉൾപ്പെടെ മികച്ച പ്രകടനത്തിനുള്ള വിവിധ അംഗീകാരങ്ങൾ പ്രധാനമന്ത്രി വിദ്യാർത്ഥികൾക്ക് സമ്മാനിച്ചു.

RNU TVPM

## സപ്ലൈകോ ഓണം

സപ്ലൈകോ ഓണം മെഗാ ട്രേഡ് ഫെയറിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് എറണാകുളം കലൂരിൽ നിർവഹിക്കും. കോഴിക്കോട് ബീച്ചിലും, കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ടിലും തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്കിലും മെഗാ ട്രേഡ് ഫെയർ ആയാണ് ഇത്തവണ ഓണം മേള സംഘടിപ്പിക്കുന്നത്.

## മഴ ജാഗ്രത - മന്ത്രി എ. പി. അനിൽകുമാർ

സംസ്ഥാനത്ത് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ ജാഗ്രത തുടരണമെന്ന് മന്ത്രി എ. പി. അനിൽകുമാർ. 441 ക്യാമ്പുകളിലായി 42,493 പേരാണുള്ളതെന്നും, മഴ സാധ്യതയുള്ള ജില്ലകളിൽ 24 മണിക്കൂർ കൺട്രോൾ റൂം സജ്ജമാണെന്നും അദ്ദേഹം അറിയിച്ചു. മഴയിൽ സംസ്ഥാനത്തു 4 വീടുകൾ പൂർണ്ണമായും 20 വീടുകൾ ഭാഗികമായും തകർന്നതായും മന്ത്രി അറിയിച്ചു.

---

## മഴ - കേരളം

സംസ്ഥാനത്ത് ഇന്ന് വ്യാപക മഴയ്ക്ക് സാധ്യത. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ കേരളം, കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

---

## മുല്ലപ്പെരിയാർ-ഷട്ടർ തുറക്കും

മുല്ലപ്പെരിയാർ അണക്കെട്ടിൻറെ ഷട്ടർ കാർഷികാവശ്യങ്ങൾക്കായി ഇന്ന് തുറക്കും. തമിഴ്നാട്ടിലെ കമ്പം താഴ്വരയിലെ കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കാനാണ് ഷട്ടർ തുറക്കുന്നത്. 14,707 ഏക്കർ സ്ഥലത്തെ ഒന്നാം നെൽകൃഷിക്ക് ആവശ്യമായ ജലമാണ് അണക്കെട്ടിൽ നിന്ന് തുറന്നു വിടുന്നത്. തമിഴ്നാട് മന്ത്രി C.T.R. നിർമൽ കുമാറിൻ്റെ ന്യേതൃത്വത്തിലാണ് നടപടി.

PNU TVPM

---

## കണ്ണൂർ

കനത്ത മഴയെ തുടർന്ന് കണ്ണൂർ മട്ടന്നൂരിനടുത്ത് കാര തെളുപ്പിൽ പഴശ്ശി കനാലിന്റെ ഒരു ഭാഗം ഇടിഞ്ഞു. പത്തിലേറെ വീടുകളിൽ വെള്ളം കയറി. സമീപത്തെ റോഡും തകർന്നു. സമീപത്തെ അഞ്ചു കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു.

---

## മന്ത്രി വി ഇ അബ്ദുൽ ഗഫൂർ

ഹാർബറുകളിൽ കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകുന്നത് കാര്യക്ഷമമാക്കുമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി വി ഇ അബ്ദുൽ ഗഫൂർ. കൃത്യമായ

കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകിയിരുന്നുവെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. മൽസ്യത്തൊഴിലാളികൾക്ക് അർഹതയുള്ള ഇൻഷുറൻസുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് നടപടി യെടുക്കുമെന്നും മന്ത്രി പറഞ്ഞു.

## കോട്ടയം (ഇൻട്രോ)

കോട്ടയം ജില്ലയിൽ മഴയ്ക്ക് നേരിയതോതിൽ ശമനം.

**വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ല പ്രതിനിധി ദേവിക എസ് നായർ.**

**(ഹോൾഡ് വോയ്സ്..............)**

## സി പി ജോൺ

വാഹന അപകടങ്ങൾ കുറയ്ക്കാൻ സംസ്ഥാനത്ത് ഗതാഗത സുരക്ഷാ സാക്ഷരത ക്യാമ്പയിൻ നടത്തുമെന്ന് മന്ത്രി സി.പി. ജോൺ. മോട്ടോർ വാഹനവകുപ്പിൻറെ നേതൃത്വത്തിൽ സ്വകാര്യപങ്കാളിത്തത്തോടെ കൊല്ലം പൂയപ്പള്ളി പുന്നക്കോട് ആരംഭിച്ച ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികൾ ഉൾപ്പെടെ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളെയും ക്യാമ്പയിന്റെ ഭാഗമാക്കു മെന്നും മന്ത്രി പറഞ്ഞു.

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

PNUTVPM

## വയനാട് (ഇൻട്രോ)

വയനാട് പുത്തുമലയ ദുരന്തത്തിന് ഇന്ന് 7വർഷം. 2019 ഓഗസ്റ്റ് എട്ടിനാണ് നാടിനെ നടുക്കിയ ദുരന്തം ഉണ്ടായത്.

**ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ് തയ്യാറാക്കിയ റിപ്പോർട്ട്.**

**(ഹോൾഡ് വോയ്സ്.......)**

## മലപ്പുറം- ക്വാറി

സംസ്ഥാനത്ത് അനധികൃത ക്വാറികളുടെ പ്രവർത്തനം അനുവദിക്കില്ലെന്ന് വ്യവസായ വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി. അതേസമയം മലപ്പുറം – പരപ്പനങ്ങാടി സംസ്ഥാന പാതയിൽ പാണക്കാട് എടായിപ്പാലത്ത് അനധികൃത മണ്ണെടുപ്പിനെ തുടർന്ന് മലയിടിഞ്ഞ പശ്ചാത്തലത്തിൽ ഈ മാസം 14വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ഓറഞ്ച് ജാഗ്രത ഉള്ള ദിവസങ്ങളിൽ 24 മണിക്കൂറും, മറ്റ് ദിവസങ്ങളിൽ രാത്രി 7 മുതൽ രാവിലെ 6 വരെയും ഗതാഗതം നിരോധിക്കും.

PNU TVPM

## അത്ലറ്റിക്സ്

ലോക അത്ലറ്റിക്സ് അണ്ടർ-20 ചാമ്പ്യൻഷിപ്പിൽ, പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ ഇന്ത്യയുടെ ആശിഷ് യാദവിന് വെള്ളി. 74.09 മീറ്റർ ദൂരമെറിഞ്ഞാണ് ആശിഷ് വിജയം നേടിയത്. 2016-ൽ നീരജ് ചോപ്രയ്ക്ക് ശേഷം ഈ നേട്ടം കൈവരിക്കുന്ന രണ്ടാമത്തെ ഇന്ത്യൻ താരമാണ് ആശിഷ്.

## ഹർ ഘർ തിരംഗ

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഇത്തവണയും രാജ്യത്തുടനീളം ഹർ ഘർ തിരംഗ പരിപാടിയിൽ ആവേശകരമായ പങ്കാളിത്തം. ഈ മാസം 15-

ന് മുൻപായി MyGov പ്ലാറ്റ്ഫോമിലൂടെ വൈവിധ്യമാർന്ന ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് ആഹ്വാനം ചെയ്തു.

## എം.ബി.എസ് പുരസ്കാരം

പ്രശസ്ത സംഗീത സംവിധായകൻ എം ബി ശ്രീനിവാസന്റെ സ്മരണാർത്ഥം നൽകുന്ന എം.ബി.എസ് പുരസ്കാരം കവിയും ഗാനരചയിതാവുമായ കെ ജയകുമാറിന്. 25,000 രൂപയും ഫലകവും പ്രശസ്തിപത്രവുമടങ്ങിയ പുരസ്കാരം, ഇന്ന് തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ മന്ത്രി പി സി വിഷ്ണുനാഥ് സമ്മാനിക്കും. ചടങ്ങിൻറെ ഭാഗമായി സംഗീത സന്ധ്യയും ഉണ്ടാകും.

## കരകൗശല മേള

സംസ്ഥാന കൈത്തറി വസ്ത്ര കരകൗശല മേളയ്ക്ക് കണ്ണൂരിൽ തുടക്കം. സംസ്ഥാന കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ കേന്ദ്രം, ജില്ലാ കൈത്തറി വികസന സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കണ്ണൂർ പോലീസ് മൈതാനിയിൽ നടക്കുന്ന മേള, ടി.ഒ മോഹനൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

RNI TVPM

## കെ.എസ്.ആർ.ടി.സി. ബസ് അപകടം

ബംഗളൂരു ബിഡതായിൽ കെ എസ് ആർ ടി സി ബസ് അപകടത്തിൽ ഡ്രൈവറും കണ്ടക്ടറും മരിച്ചു. നിരവധി യാത്രക്കാർക്ക് പരിക്കേറ്റു. കോഴിക്കോട് നിന്ന് ബാംഗ്ലൂരിലേക്ക് പോയ കെഎസ്ആർടിസി ബസാണ് ഇന്ന് രാവിലെ ഏഴ് മണിയോടെ അപകടത്തിൽ പെട്ടത്.

## കേരള – ട്രെയിൻ

സംസ്ഥാനത്ത് ഓണം പ്രമാണിച്ച് റെയിൽവേ പ്രഖ്യാപിച്ച പ്രത്യേക ട്രെയിൻ സർവീസുകളുടെ എണ്ണം 112 ആയി ഉയർന്നു. തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് പ്രധാനമായും സർവീസുകൾ ക്രമീകരിച്ചിരിക്കുന്നത്.

## സ്വീകരണം നൽകി

ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിൽ വെള്ളി മെഡൽ നേടിയ മുഹമ്മദ് ബാസിലിനു ജന്മനാടായ മലപ്പുറത്ത് ഉജ്ജ്വല സ്വീകരണം. മുഹമ്മദ് ബാസിലിനെയും പരിശീലകനായ അനസ് മാസ്റ്ററെയും ജനപ്രതിനിധികളും കായിക പ്രേമികളും നാട്ടുകാരും ചേർന്ന് പൂച്ചെണ്ട് നൽകി സ്വീകരിച്ചു. പൊന്നാനി എം എൽ എ KP നഷാദലി, ബാസിലിനെ വീട്ടിലെത്തി അഭിനന്ദിച്ചു.

## എഎംവിഐമാർക്കു സസ്പെൻഷൻ

പത്തനംതിട്ട ആറന്മുളയിൽ ദുരിതാശ്വാസ പ്രവർത്തനത്തിന് എത്തിയ ഓഫ് റോഡ് വാഹനത്തിന് മോട്ടർ വെഹിക്കിൾ ഇൻസ്പെക്ടർ 5000 രൂപ പിഴ ചുമത്തിയ സംഭവത്തിൽ അടൂർ സ്ക്വാഡിലെ രണ്ട് അസിസ്റ്റന്റ് മോട്ടർ വെഹിക്കിൾ ഇൻ സ്പെക്ടർമാരെ ഗതാഗത വകുപ്പ് സസ്പെൻഡ് ചെയ്തു. മന്ത്രി സി.പി.ജോണിന്റെ നിർദേശ പ്രകാരമാണ് നടപടി. മുൻവശത്ത് നിയമവിരുദ്ധമായി അധിക ലൈറ്റുകൾ ഘടിപ്പിച്ചതിനാണ് പിഴ ഈടാക്കിയത്. അതേസമയം ദുരിതാശ്വാസ പ്രവർത്തനിടയിലല്ല ജീപ്പിനു പിഴയിട്ടതെന്ന് സസ്പെൻഷനിലായ അസിസ്റ്റന്റ് മോട്ടർ വെഹിക്കിൾ ഇൻസ്പെക്ടർ പറഞ്ഞു.